# Unit:2
## നിലാവുപെയ്യുന്ന നാട്ടുവഴികൾ
## Chapter- 2
## ഓണമുറ്റത്ത്

1. മഹാബലിയെ പ്രകൃതി വരവേൽക്കുന്നത് എങ്ങനെ?
   - തുമ്പ മലർക്കൂട നിറച്ച് വിറച്ചുനിൽക്കുന്നു.മുക്കുറ്റി തിരികൾ തെറുത്ത് ദീപക്കുറ്റികൾ നാട്ടിനിൽക്കുന്നു.നെയ്യാമ്പൽ ഉറങ്ങാതെ പൊൽക്കിഴിയെരിയുന്ന വെള്ളിത്താലമെടുത്ത് നിൽക്കുന്നു.കമുക് പൂവരിതൂകുന്നു.മലകൾ ചങ്ങലവട്ട തീർക്കുന്നു.സൂര്യൻ കത്തുന്ന തിരിയാകുന്നു.ഉഷസ്സ് ഓണക്കോടിയുടുത്ത് ഒരുങ്ങിനിൽക്കുന്നു.

2. നീളും മലയുടെ ചങ്ങലവട്ടയിൽ
   നാളം പാടലവിരലാൽ നീട്ടിയു
   മോമൽക്കവിളു തുടുത്തും തെല്ലൊരു
   നാണത്തോടു പരുങ്ങിയൊരുങ്ങിടു
   മോണക്കോടിയുടുത്തൊരുഷസ്സേ
   ഈ വരികളിലെ പ്രയോഗഭംഗി കണ്ടെത്തുക.
   - ഓണക്കാലത്തെ ചുവന്നുതുടുത്ത പ്രഭാതത്തിന്റെ കാന്തി മനോഹരമായ വാങ്മയചിത്രമായി അവതരിപ്പിച്ചിരിക്കുന്നു.ഓണക്കോടിയുടുത്ത് നാണത്തോടെ പരുങ്ങിയൊരുങ്ങി ചുവന്നവിരലുകളാൽ ചങ്ങലവട്ടയിലെ തിരിനാളം നീട്ടുന്ന ഗ്രാമീണപ്പെൺകിടാവായി ഓണപ്പുലരിയെ വർണിച്ചിരിക്കുന്നു.ഇവിടെ മലനിരയാണ് ചങ്ങലവട്ട.അതിനിടയിൽ തെളിയുന്ന ദീപമാണ് സൂര്യൻ. മലനിരകൾക്കിടയിൽ പ്രഭാതസൂര്യൻ മെല്ലെ ഉദിച്ചുയരുമ്പോൾ ചങ്ങലവട്ടയിൽ തിരിമെല്ലെ നീട്ടിവെയ്ക്കുന്ന പ്രതീതിയാണ് ഉണ്ടാകുന്നത്.തിരുവോണത്തിന് പ്രഭാതത്തിൽ ഉടുത്തൊരുങ്ങി ഓണക്കോടിയുടുത്ത് വിളക്കിൽ ദീപം തെളിയിക്കുന്ന പെൺകിടാവിന്റെ രൂപഭാവചലനങ്ങളോടെ സൂര്യോദയത്തെ ചിത്രീകരിക്കുന്നു.

3. കവി കവിതയിൽ തന്നെ പുള്ളുവനായി അവതരിപ്പിച്ചിരിക്കുന്നു.അതിന്റെ ഔചിത്യം വിശദമാക്കുക.
   - നാടോടി കാവ്യപാരമ്പര്യത്തിന്റെ പ്രതീകമാണ് പുള്ളുവൻ.നാടിനെ കണ്ണേറും നാവേറും ഏക്കാതെ സംരക്ഷിക്കുന്നവൻ. പുള്ളുവൻ അധ്വാനത്തിൽ സംതൃപ്തി കണ്ടെത്തുന്നു. കവി പുള്ളുവനായി സ്വയം വിശേഷിപ്പിക്കുന്നു.പാടത്തും പറമ്പിലും അധ്വാനിക്കുന്നവർക്ക് ആശ്വാസവും ആവേശവുമായി,അവരുടെ പാട്ടുകാരനായി കവിയുണ്ട്.നാടോടി കാവ്യ പാരമ്പര്യത്തിൽ അഭിമാനംകൊള്ളുന്ന കവി താനും അതിലെ ഒരു കണ്ണിയാണെന്ന് സ്വയം പ്രഖ്യാപിക്കുന്നു.

4. ഓണപ്പാട്ടുകളോടുള്ള പുതിയ കാലത്തിന്റെ സമീപനം എങ്ങനെയുള്ളതാണ്?
   - പാരമ്പര്യ നന്മകളെയും മണ്ണിനെയും മറക്കുന്ന പുതുതലമുറ ഓണപ്പാട്ടുകളെ 'പഴമയിലിഴയുന്ന പാട്ടുകൾ'എന്നു പരിഹസിക്കുന്നു.

5. 'ഞങ്ങടെ കൊച്ചുകിനാവുകൾ തേടിയലഞ്ഞു
   മലർക്കളമെഴുതിക്കാത്തോരരചനെ'.
   ആശയം വ്യക്തമാക്കുക.
   - സമത്വസുന്ദരമായ ഒരു നാടിനെക്കുറിച്ചുള്ള മലയാളിയുടെ സ്വപ്നം മാവേലിയുമായി ബന്ധപ്പെട്ടതാണ്.അധ്വാനിക്കുന്നവരും ദുരിതമനുഭവിക്കുന്നവരും സമത്വസുന്ദരമായ നാടിനെ സ്വപ്നം കാണുന്നു.കവിയുടെയും സ്വപ്നമാണത്. പ്രകൃതിയും മനുഷ്യനും മാവേലിയെ

വരവേൽക്കാൻ പൂക്കളമൊരുക്കി കാത്തിരിക്കുന്നു.

6. 'കൊഞ്ചലൊടെൻപ്രിയമകളാം വീണപ്പെണ്ണും'എന്ന പ്രയോഗം സൂചിപ്പിക്കുന്നത് എന്ത്?
   - പുള്ളുവ വീണയെ മകളായി കല്പിക്കുന്നു.കവി പുള്ളുവനായി മാറുന്നു. മധുരമുള്ള ഗാനം പൊഴിക്കുന്ന കവിയുടെ കൈയിലെ വീണ കവിതയാണ്.കവിയും കവിതയും തമ്മിലുള്ള ആത്മബന്ധം ഇവിടെ കാണാം.

7. 'ഓണക്കാലത്തുണരും ഞാൻ,തിരു
   വോണപ്പാട്ടുകളാണെൻ പാട്ടുകൾ'
   ഈ വരികളുടെ ഔചിത്യം വ്യക്തമാക്കുക.
   - ഓണക്കാലപ്രകൃതിയും ഓണപ്പാട്ടുകളുടെ ലാളിത്യവും ജീവിതദർശനവും കവിയെ എന്നും പ്രചോദിപ്പിക്കുന്നു.ഓണപ്പാട്ടുകാരനായ കവി എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു.ഓണപ്പാട്ടുകളാണ് കവിയുടെ പാട്ടുകൾ.എല്ലാവരുടെയും എക്കാലത്തെയും പാട്ടുകളാണവ.

8. 'പരിഷ്കാരത്തിൻ തിണ്ണയിലിരിക്കുന്നവർ'
   'പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു പാട്ട്'
   എന്നീ പ്രയോഗങ്ങൾ നൽകുന്ന അർത്ഥസാധ്യതകൾ എന്തെല്ലാം?
   - പഴയസംസ്കാരത്തിനും ഓണസങ്കല്പത്തിനും നാടോടിപ്പാട്ടുകൾക്കും സംഭവിച്ചുകൊണ്ടിരിക്കുന്ന വ്യതിയാനവും പരിഷ്കൃതരെന്ന് അഭിമാനിക്കുന്നവരുടെ മനോഭാവവും ഇവിടെ കാണാം. പരിഷ്കാരത്തിന്റെ തിണ്ണയിലിരിക്കുന്നവർ കവിയുടെ പാട്ടിനെ പഴമയിലിഴയുന്ന പല്ലുകൊഴിഞ്ഞൊരു പാട്ടാണെന്ന് കുറ്റപ്പെടുത്തിയേക്കാം.പാരമ്പര്യ നന്മകളെപ്പോലും തള്ളിക്കളയുന്ന പുതുതലമുറ മണ്ണിനെയും സംസ്കാരങ്ങളെയും മറക്കുന്നു.ഗ്രാമീണസംസ്കൃതിയോടുള്ള പരിഹാസവും ഈ വരികളിൽ കാണാം.സിനിമാറ്റിക് പാട്ടുകളും ചടുലനൃത്തങ്ങളും അരങ്ങുവാഴുന്ന ഈ കാലഘട്ടത്തിൽ പഴയ സംസ്കാരവും പുള്ളുവൻ പാട്ടും അവർക്ക് അപരിഷ്കൃതമായി തോന്നിയേക്കാം. പഴയതെല്ലാം പല്ലുകൊഴിഞ്ഞ സിംഹത്തെപ്പോലെയായി മാറി. കവിയുടെ പാട്ടുകൾ പഴഞ്ചനാണെന്നും പുതുതലമുറയുടെ വേഗത്തിനും താത്പര്യത്തിനും ഇണങ്ങാത്തവനാണ് കവി എന്ന പുതുതലമുറയുടെ ആക്ഷേപവും 'പഴമയിലിഴയുന്ന പല്ല് കൊഴിഞ്ഞൊരു പാട്ട്'എന്ന പ്രയോഗത്തിൽ അടങ്ങിയിരിക്കുന്നു.

9. 'ഇവരറിയുന്നീലെന്നഭിമാനം'എന്ന കവിയുടെ വാക്കുകൾ സൂചിപ്പിക്കുന്നത് എന്ത്?
   - പഴമയിലിഴയുന്ന പാട്ടെന്ന് പരിഹസിക്കപ്പെടുമ്പോഴും. കാവ്യപാരമ്പര്യത്തിലും സംസ്കാരത്തിലും കവി അഭിമാനംകൊള്ളുന്നു.കവി പാടുന്നത് പൊങ്ങച്ചക്കാരായ പരിഷ്കാരികൾക്കു വേണ്ടിയല്ല.മവേലിമന്നനുള്ള അർച്ചനയാണ് കവിയുടെ പാട്ടുകൾ.അത് തന്റെ ദൗത്യമായി കവി കരുതുന്നു.

10. 'പൊന്നിൻചിങ്ങം വന്നുപിറന്നു ക
   രഞ്ഞു ചിരിച്ചു കുട,ഞ്ഞോണത്തിൻ മധുരക്കറി മണിവായിൽ തേച്ചതു
   നൊട്ടിനുണച്ചു കളിക്കും'
   ഈ വരികളിലെ പ്രയോഗഭംഗി കണ്ടെത്തുക
   - കരഞ്ഞ് ചിരിച്ച് കാൽകുടഞ്ഞ് വായിൽ മധുരം നൊട്ടിനുണയുന്ന കുഞ്ഞിനെപ്പോലെ പൊന്നിൻ ചിങ്ങം വന്നുപിറന്നു. ഇരുൾമൂടിയ കർക്കടകത്തിൽ നിന്നും ചിങ്ങത്തിലേക്ക് വരുമ്പോൾ പ്രകൃതിയിലാകെ പ്രകാശം പരക്കുന്നു.ചിങ്ങമാസത്തെ കുഞ്ഞിനോട് ഉപമിച്ചിരിക്കുന്നു.കുഞ്ഞിന്റെ കരച്ചിലും ചിരിയും അംഗചലനങ്ങളും പ്രകൃതിയിലുണ്ടാകുന്ന മാറ്റത്തെ

സൂചിപ്പിക്കുന്നു.ചാറ്റൽമഴയെ കുഞ്ഞിന്റെ കരച്ചിലായും ഇളംവെയിലിനെ കുഞ്ഞിന്റെ ചിരിയായും ചെറിയകാറ്റിനെ കുഞ്ഞിന്റെ അംഗചലനമായും കല്പിച്ചിരിക്കുന്നു.കുട്ടികളുടെ കൊഞ്ചൽ ഹൃദ്യമാണ്.കുഞ്ഞിനോട് തോന്നുന്ന അതേ വാത്സല്യം  ഓണത്തിനോടും ഓണപ്പാട്ടുകളോടും കവിക്ക് തോന്നുന്നു. ഓണം മനസ്സിനേകുന്ന സന്തോഷവും ഓണക്കളികളും ഓണസദ്യയുമെല്ലാം ഈ വരികളിൽ തെളിഞ്ഞുവരുന്നു.

11. 'ഓണമുറ്റത്ത്'കവിതയിലെ പ്രകൃതിവർണ്ണനകളിലെ മനുഷ്യഭാവം കണ്ടെത്തുക.

- തുമ്പ, മുക്കുറ്റി, നെയ്യാമ്പൽ, പുലരി ഇവയുടെ വർണ്ണനകളിലെല്ലാം മനുഷ്യഭാവം കാണാം.രാജാവിനെ വരവേൽക്കാൻ പ്രജകൾ ഒരുങ്ങിനിൽക്കുന്നതുപോലെയാണ് കേരളീയപ്രകൃതി മഹാബലിയെ വരവേൽക്കാൻ ഒരുങ്ങിനിൽക്കുന്നത്.ഓരോ ചെടിയുടെയും ആകൃതി,നിറം,ശക്തി ദൗർബല്യങ്ങൾ, സൗന്ദര്യം തുടങ്ങിയ പ്രത്യേകതകൾക്കിണങ്ങും വിധം അവയെ മാനുഷികരൂപഭാവങ്ങൾ നൽകി ചിത്രീകരിച്ചിരിക്കുന്നു. രാജാവിനെ മാറിനിന്ന് വീക്ഷിക്കുന്ന സാധാരണക്കാരുടെ ഭാവം തുമ്പയിൽ കാണാം. മഞ്ഞും മഴയും വകവെക്കാതെ പൂക്കൾത്തേടിപ്പോകുന്ന കുട്ടികളെപ്പോലെ മലർക്കൂട നിറച്ചു നിക്കുകയാണ് തുമ്പപ്പൂ. ദീപക്കുറ്റിയിൽ ദീപംകൊളുത്താൻ മുഹൂർത്തം കാത്തുനിൽക്കുന്നവരെപ്പോലെ മുക്കുറ്റി നിൽക്കുന്നു.തളികയിൽ പൊൽക്കിഴിയെരിയുന്ന താലവുമായി നിൽക്കുന്നവരുടെ ചിത്രം നെയ്യാമ്പലിന്റെ വർണ്ണനയിലൂടെ മനസ്സിലേക്കെത്തുന്നു. രാജപാതയൊരുക്കുന്നവരെപ്പോലെ രാവ് നിലാവാകുന്ന കമുകിൻപൂ വാരിത്തൂകുന്നു. ഓണക്കോടിയുടുത്ത് വിളക്കിൽ ദീപം തെളിയിക്കുന്ന പെൺകിടാവിന്റെ രൂപഭാവചലനങ്ങളോടെ സൂര്യോദയത്തെ ചിത്രീകരിക്കുന്നു. മലർക്കൂടകളും ദീപക്കുറ്റികളും പൊൽക്കിഴിയെരിയുന്ന വെള്ളിത്താലവും പൂവരിതൂകിയ രാജപാതയും ചങ്ങലവട്ടയും ആർപ്പുവിളികളും കുരവയും ഒക്കെയായി ആബാലവൃദ്ധം ജനങ്ങളും ചേർന്ന് രാജാവിനെ വരവേൽക്കുന്നപോലെ പ്രകൃതി മഹാബലിയെ വരവേൽക്കുന്നു.

*Prepared by*

Asha.V.T

GHSS, Anchal.East

Kollam